# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1752 14.08.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## കൊലപാതക കേസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.അനിൽ അക്കര | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ കൊലചെയ്യപ്പെട്ട സ്ത്രീകളുടെയും പുരുഷന്മാരുടെയും കുട്ടികളുടെയും എണ്ണം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 355 കേസ്സുകളിലായി 381 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് പ്രത്യേകം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിൽ 116 സ്ത്രീകളും, 214 പുരുഷന്മാരും, 51 കുട്ടികളും മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് 54 പ്രതികളെ പിടികൂടാനുണ്ട്. |
| (സി) | ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | ഇതിൽ 221 കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | എത്ര കേസ്സുകളിൽ വിചാരണ പൂർത്തിയായിട്ടുണ്ട്; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ വിചാരണ പൂർത്തിയായ കേസ്സുകൾ ഒന്നും തന്നെ ഇല്ല. |
| (ഇ) | പ്രസ്തുത കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ; | (ഇ) | പ്രസ്തുത കേസ്സുകളുടെ വിചാരണ പൂർത്തിയാകാത്തതിനാൽ പ്രതികളാരും ശിക്ഷിക്കപ്പെട്ടില്ല. |
| (എഫ്) | എത്ര കേസ്സുകളുടെ അന്വേഷണം സി.ബി.ഐ.ക്ക് വിടുകയുണ്ടായി; വ്യക്തമാക്കാമോ? | (എഫ്) | പ്രസ്തുത കേസ്സുകൾ ഒന്നും തന്നെ അന്വേഷണത്തിനായി സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| | കൊലപാതക കേസുകളുടെ എണ്ണം | കൊലപാതകങ്ങളുടെ എണ്ണം |
|---|---|---|
| TVM C | 18 | 22 |
| TVM R | 30 | 32 |
| KLM C | 15 | 16 |
| KLM R | 24 | 25 |
| PTA | 34 | 35 |
| ALP | 23 | 23 |
| KTM | 19 | 19 |
| IDK | 16 | 17 |
| EKM C | 8 | 8 |
| EKM R | 17 | 19 |
| TSR C | 11 | 11 |
| TSR R | 28 | 34 |
| PKD | 27 | 29 |
| MLP | 26 | 30 |
| KKD C | 5 | 6 |
| KKD R | 10 | 10 |
| WAY | 8 | 8 |
| KNR | 23 | 23 |
| KSR | 13 | 14 |
| RLWYs | 0 | 0 |
| TOTAL | 355 | 381 |

സെക്ഷൻ ഓഫീസർ